# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 26, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*331 ശ്രീ. കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>വനം ദീപ്തി പദ്ധതി</u>

*332 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം ദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) നഗര വൃക്ഷവൽക്കരണം നല്ലരീതിയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് വൈദ്യുതി ഉല്പാദനം</u>

*333 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതി മുഖേന അല്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുന്ന മറ്റ് മാർഗ്ഗങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഉപഭോഗം നടത്തുന്ന കേന്ദ്രീകൃത ഓഫീസ് സമുച്ചയങ്ങളിലും മറ്റും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കൂടുതൽ വൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാദ്ധ്യമായ എല്ലാ സ്ഥലങ്ങളിലും അതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>പ്രകൃതി വാതകം  വൈദ്യുതി പദ്ധതികൾ</u>

*334 ശ്രീ. വി. ശിവൻകുട്ടി
,, ഇ. പി. ജയരാജൻ
,, എളമരം കരീം
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുതി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് 2015-16 വരെ കേന്ദ്ര ഊർജ്ജ മന്ത്രാലയം നിരോധിച്ചതായുള്ള എന്തെങ്കിലും വിവരം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് പുതുതായി പ്രകൃതിവാതകം ഉപയോഗിച്ചുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് ഇത് എത്രത്തോളം തടസ്സമാകുമെന്ന് സർക്കാരോ വിദ്യുച്ഛക്തി ബോർഡോ പരിശോധിച്ചിട്ടുണ്ടോ ;

(സി) നിലവിൽ വിഭാവനം ചെയ്തിട്ടുള്ള കായംകുളം, ചീമേനി, ബ്രഹ്മപുരം എന്നീ പ്രകൃതി വാതക വൈദ്യുതി പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോഴത്തെ നിരോധനം മൂലം നിർത്തിവെക്കേണ്ടി വരുമോ ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>വൈദ്യുതി മീറ്ററുകള്‍</u>

*335 ശ്രീ. ഇ. കെ. വിജയന്‍
,, വി. എസ്. സുനില്‍കുമാര്‍
,, വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ഉപഭോക്താക്കള്‍ക്കായി സംസ്ഥാനത്ത് ആകെ എത്ര വൈദ്യുത മീറ്ററുകള്‍ സ്ഥാപിച്ചിട്ടുണ്ട്; ഇതില്‍ എത്ര മീറ്ററുകേടായതാണെന്ന് വ്യക്തമാക്കുമോ;

(ബി) കേടായ മീറ്ററുകള്‍ യഥാസമയം മാറ്റി സ്ഥാപിക്കുന്നില്ലെന്ന പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) മീറ്ററുകളില്‍ നിന്നും കൃത്യമായ റീഡിംഗ് ലഭിക്കാത്തതു മൂലം പ്രതിവര്‍ഷം എന്ത് തുകയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

ഖാദി മേഖലയിലെ ഉല്പാദനവും ആധുനികവല്ക്കരണവും

*336 ശ്രീ. കെ.വി. വിജയദാസ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക വല്ക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്ത്തുകാർക്ക് റെഡിമെയ്ഡ് പാവ് നൽകുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഖാദിബോർഡിന്റെ കൈവശമുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന് അനുമതി

*337 ശ്രീ. ബി.ഡി. ദേവസ്സി
,, എ.കെ. ബാലൻ
,, എസ്. ശർമ്മ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന് അനുമതി നിഷേധിച്ച കേന്ദ്ര നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രത്തിന് കത്തെഴുതിയിട്ടുണ്ടോ;

(ബി) മാധവ്ഗാഡ്ഗിൽ കമ്മിറ്റി എതിർത്തിട്ടും മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ മുൻപ് അനുമതി നിഷേധിച്ച പദ്ധതി പുന:പരിശോധിക്കാൻ കേന്ദ്രം തയ്യാറായതായി സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിരപ്പിള്ളി പദ്ധതിക്ക് എത്ര തവണ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് അതിരപ്പിള്ളിയിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്;

(ഇ) അതിരപ്പിള്ളി പദ്ധതി പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് അയച്ച കത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

ഒഴുകുന്ന ത്രിവേണി സ്റ്റോർ

*338 ശ്രീ. വി.റ്റി. ബൽറാം
,, റ്റി.എൻ. പ്രതാപൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഒഴുകുന്ന ത്രിവേണി സ്റ്റോർ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>ബസ്സുകള്‍ വാങ്ങുന്നതിന് എടുത്ത വായ്പ</u>

*339 ശ്രീ. കെ. രാജു
,, മുല്ലക്കര രത്നാകരന്‍
,, വി.എസ്. സുനില്‍ കുമാര്‍
ശ്രീമതി ഇ.എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ പത്തു വര്‍ഷത്തിനുള്ളില്‍ കെ.എസ്.ആര്‍.റ്റി.സി ബസ്സുകള്‍ നിരത്തിലിറക്കുന്നതിനുവേണ്ടി കെ.എസ്. ആര്‍.റ്റി.സി. ഏതെല്ലാം സ്ഥാപനങ്ങളില്‍ നിന്നും വായ്പ യെടുത്തിട്ടുണ്ട്; എങ്കില്‍ ഓരോ സ്ഥാപനങ്ങളില്‍ നിന്നും എടുത്ത വായ്പാ തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വായ്പ ഉപയോഗിച്ച് ഇതുവരെ നിരത്തിലിറക്കിയ ബസ്സുകളുടെ എണ്ണം എത്ര; ഇതില്‍ എത്ര ബസ്സുകള്‍ നിലവില്‍ സര്‍വ്വീസ് നടത്തുന്നുണ്ട്;

(സി) പ്രസ്തുത വായ്പകളുടെ തിരിച്ചടവ് തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഓരോന്നിലും എത്രമാത്രം തിരിച്ചടവുണ്ടായി എന്ന് പറയാമോ;

(ഡി) ഡീസല്‍, സ്പെയര്‍ പാര്‍ട്ട്സുകള്‍ തുടങ്ങിയവ വാങ്ങിയ ഇനത്തില്‍ കുടിശ്ശിക കൊടുത്തുതീര്‍ക്കാനുണ്ടോ; ഉണ്ടെങ്കില്‍ എത്ര വീതമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>കേപ്പിന്റെ കീഴിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

*340 ശ്രീ. സി. കൃഷ്ണൻ
,, ജി. സുധാകരൻ
,, എസ്. ശർമ്മ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേപ്പിന് കീഴിൽ പുതുതായി എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;നിലവിലുള്ള കോളേജുകൾക്കെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ;

(സി) എ.ഐ.സി.ടി.ഇ യുടെ നോംസ് പ്രകാരമുള്ള യോഗ്യതകളെല്ലാം കൈവരിച്ചിട്ടുണ്ടോ;

(ഡി) കേപ്പിലെ എഞ്ചിനീയറിംഗ് അദ്ധ്യാപകരുടെ ഒഴിവുകളെത്ര; ഇതിലേക്ക് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഇ) കേപ്പ് എക്സി. കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിന് അനുമതി നൽകിയിട്ടുണ്ടോ; റാങ്ക് ലിസ്റ്റിൽ കൃത്രിമം നടത്താൻ ശ്രമിച്ചതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(എഫ്) ഡയറക്ടർ ഉൾപ്പെടെ ഏതാനും ഉദ്യോഗസ്ഥർ കൂട്ടത്തോടെ ജോലി അവസാനിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന</u>

*341 ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുളള മാദണ്ഡങ്ങൾ എന്തെല്ലാമാണ് ; ആയതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത് ;

(ബി) കാലപ്പഴക്കം ചെന്ന പല സ്വകാര്യ റൂട്ട് ബസ്സുകളും സ്കൂൾ ബസ്സുകൾ ആക്കി മാറ്റി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) അപകടം വരുത്തിവച്ചേയ്ക്കാവുന്ന ഇത്തരം ബസ്സുകളുടെ രൂപപരിണാമത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനും ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന കുറ്റമറ്റ നിലയിൽ നിരീക്ഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>പൊതുജനങ്ങളുടെ സഹായത്തോടെ സാമൂഹ്യവനവല്‍ക്കരണം</u>

*342 ശ്രീ. വി. പി. സജീന്ദ്രന്‍
,, എം. പി. വിന്‍സെന്റ്
,, ബെന്നി ബെഹനാന്‍
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുജനങ്ങളുടെ സഹായത്തോടെ സാമൂഹ്യവന വല്‍ക്കരണം നടപ്പിലാക്കുന്നതിനുള്ള പ്രധാന പദ്ധതികള്‍ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>വ്യവസായ പാർക്ക്</u>

*343 ശ്രീ. എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലംതോറും വ്യവസായ പാർക്ക് എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയെന്നു വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>കൈത്തറിയിൽ പ്രാദേശിക ബ്രാൻഡുകളുടെ വികസനം</u>

*344 ശ്രീ. ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറിയിൽ പ്രാദേശിക ബ്രാൻഡുകളുടെ വികസനം എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പദ്ധതി പ്രകാരം കൈത്തറി ഉൽപ്പന്നങ്ങളെ എത്ര മേഖലകളിലായി തരം തിരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കേരളത്തിന്റെ കൈത്തറി ഉൽപ്പന്നങ്ങൾ പൊതു നാമത്തിൽ അറിയപ്പെടുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ കേരളത്തിന്റെ തനിമയും പൈതൃകവും ആസ്പദമാക്കിയുള്ള രൂപങ്ങളും നിറക്കൂട്ടുകളും സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

*345 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസരണ വിതരണ നഷ്ടം എത്ര ശതമാനം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്നതും വർക്ക് അവാർഡ് ചെയ്തതുമായ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>ഫിലിം ഡയറക്ടറേറ്റ്</u>

*346 ശ്രീ. ജോസഫ് വാഴക്കന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, പി. എ. മാധവന്‍
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങള്‍ പരിഹരിക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊളളാന്‍ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഒരു ഡയറക്ടറേറ്റ് രൂപവല്‍ക്കരിക്കാന്‍ ഉദ്ദേശിക്കു ന്നുണ്ടോ ; വിശദമാക്കുമോ ;

(സി) എന്തെല്ലാം വിഷയങ്ങളാണ് ഡയറക്ടറേറ്റ് വഴി കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) ഡയറക്ടറേറ്റ് രൂപീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>അന്തർസംസ്ഥാന സർവ്വീസുകൾ</u>

*347 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) പുതിയ അന്തർസംസ്ഥാന കരാറിന് രൂപം നൽകിയിട്ടുണ്ടോയെന്ന് പറയാമോ;

(സി) എങ്കിൽ പ്രസ്തുത കരാർ ഒപ്പിടുന്നത് സംബന്ധിച്ച ചർച്ചകൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സർവ്വീസുകൾ എന്ന് തുടങ്ങാനാകുമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

സ്പോർട്സ് കൗൺസിലും സ്പോർട്സ് ഡയറക്ടറേറ്റും

*348 ശ്രീ. റ്റി. വി. രാജേഷ്
,, പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയറക്ടറേറ്റ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സ്പോർട്സ് വികസനത്തിനായി മെച്ചപ്പെട്ട പ്രവർത്തനം നടത്തുവാൻ കഴിയുംവിധം പ്രസ്തുത സ്ഥാപനങ്ങളെ സജ്ജമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിലവിലുള്ള പരിശീലകരുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ ; മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ

## 26.06.2012-ലെ മറുപടിക്ക്

<u>പി. എസ്. ഇ. ബി. യുടെ രൂപീകരണം</u>

*349 ശ്രീ. എ. പി. അബ്ദുളളക്കുട്ടി
,, വി. പി. സജീന്ദ്രന്‍
,, വര്‍ക്കല കഹാര്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നിരീക്ഷിയ്ക്കുന്നതിനായി പി.എസ്. ഇ. ബി. രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കില്‍ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>പാരമ്പരേ്യതര ഊർജ്ജ ഉൽപ്പാദനം</u>

*350 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, എം.പി. അബ്ദുസ്സമദ് സമദാനി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പരേ്യതര ഊർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾക്ക് ഉദ്ദിഷ്ട ലക്ഷ്യം കൈവരിക്കാനാകാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധമായ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പാരമ്പരേ്യതര ഊർജ്ജ ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, പദ്ധതികളിൽ ഭാഗഭാക്കാകാൻ തയ്യാറാവുന്നവർക്ക് ശരിയായ പ്രോത്സാഹനം ലഭിക്കുന്നില്ലെന്നും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സബ്സിഡി ഗുണഭോക്താക്കൾക്ക് യഥാസമയം പരിശോധന നടത്തി വിതരണം ചെയ്യുന്നില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം</u>

*351 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശത്തിന് ഓരോ ഇനം കാർഷിക വിളയ്ക്കും നൽകുന്ന നഷ്ടപരിഹാരം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂലിയും കൃഷി ചെലവുകളുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നഷ്ട പരിഹാര തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>നബാർഡിന്റെ വായ്പാ സഹായത്തിലെ കുറവ്</u>

*352 ശ്രീ. കെ. കെ. ജയചന്ദ്രൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സംസ്ഥാനത്തുള്ള ആഫീസുകൾ നിർത്തലാക്കുന്ന നടപടിക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) നബാർഡിന്റെ വായ്പാ സഹായം ഗണ്യമായി വെട്ടിക്കുറയ്ക്കു ന്നത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാർ തുടരുന്ന ഇത്തരം നയങ്ങളെ പ്രതിരോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷം നബാർഡ് വഴി സംസ്ഥാനത്തിന്റെ വിവിധ മേഖലയ്ക്കായി ലഭ്യമാക്കിയ സഹായം എത്രയെന്നും മുൻവർഷം ഇത് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) മുൻവർഷം ആർ.ഐ.ഡി.എഫ് സ്കീമിൽ നബാർഡ് വായ്പ പൂർണ്ണമായും പ്രയോജനപ്പെടുത്താത്ത വകുപ്പുകൾ ഉണ്ടോ; ഏവ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

ഐ. ടി. കോറിഡോര്‍ പദ്ധതി

*353 ശ്രീ. പുരുഷന്‍ കടലുണ്ടി
,, ഇ. പി. ജയരാജന്‍
,, ബി. സത്യന്‍
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. കോറിഡോര്‍ പദ്ധതിയുടെ വിശദാംശവും പ്രവര്‍ത്തന പുരോഗതിയും വിശദമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഈ പദ്ധതിയിന്‍കീഴില്‍ എന്തെല്ലാം പുതിയ സ്കീമുകള്‍ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഐ. ടി. വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ച് വേളിയില്‍ അന്താരാഷ്ട്ര നിലവിരത്തിലുള്ള കണ്‍വെന്‍ഷന്‍ കോംപ്ലക്സ് സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ടൂറിസം വകുപ്പു തുടക്കമിട്ട ഈ പദ്ധതി ഐ. ടി. വകുപ്പിന് കീഴിലാക്കാനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>സ്വയം തൊഴിൽ പദ്ധതികൾ</u>

*354 ശ്രീ. ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസായ വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; പരമാവധി എന്ത് തുകയാണ് വായ്പയായി നൽകുന്നത് ;

(ബി) ഇവർക്കായി വ്യവസായ വകുപ്പു നടപ്പിലാക്കുന്ന പരിശീലന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>പ്രസരണ സംവിധാനവും പവർഗ്രിഡും</u>

*355 ശ്രീ. കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത സംവിധാനത്തിന് കരുത്തു പകരുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് പവർഗ്രിഡ് നടത്തുന്നത് ;

(സി) പവർഗ്രിഡിന്റെ പ്രവർത്തനങ്ങൾ വഴി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>വി. കെ. ഷുംഗ്ലു കമ്മിറ്റി റിപ്പോർട്ട്</u>

*356 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വി. കെ. ഷുംഗ്ലു കമ്മിറ്റി ആസൂത്രണ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാജ്യത്തെ പ്രധാന പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപിക്കണമെന്ന ശുപാർശ പ്രസ്തുത റിപ്പോർട്ടിലുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിലെ ഏതെല്ലാം പട്ടണങ്ങൾ ഇതിലുൾപ്പെടുമെന്ന് വ്യക്തമാക്കുമോ;

(സി) പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ അഭിനയം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ</u>

*357 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുമോയെന്ന് പറയാമോ;

(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്റ്റേഷനുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇത് വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>സിനിമ നിർമ്മാണത്തിന് നൽകുന്ന സഹായം</u>

*358 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്ത് സിനിമ നിർമ്മിക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഹായങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് വായ്പ</u>

*359 ശ്രീ. പി. എ. മാധവൻ
,, കെ. അച്ചുതൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ വഴി വായ്പകൾ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) വായ്പാ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വായ്പകളിലെ ജപ്തി നടപടികൾ നിർത്തി വച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2012-ലെ മറുപടിക്ക്

<u>നിക്ഷേപ സമാഹരണം</u>

*360 ശ്രീ. എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിക്ഷേപരംഗം ശക്തിപ്പെടുത്തുവാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) നിക്ഷേപസമാഹരണത്തിലൂടെ എന്തു തുക സമാഹരിക്കുക യുണ്ടായി വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം പുതിയ നിക്ഷേപ പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്;

(ഡി) ഓരോ നിക്ഷേപ പദ്ധതികളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്, വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 17.

പി. കെ. മുരളീധരൻ,
സെക്രട്ടറി – ഇൻ – ചാർജ്